# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

## എസ്.കെ.ഡി.യു.പി എസ്
## തറയിൽക്കടവ്



| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് . | | എസ്സ്.കെ.ഡി.യു.പി.എസ്സ്. |
| വിലാസം | – | തറയിൽക്കടവ്, |
| | | വലിയഴിക്കൽ.പി.ഒ. |
| | | പിൻ.690535. |
| ഫോൺ | – | 0479–2489122. |
| സ്കൂൾ കോഡ് | – | 35345. |
| വിദ്യാഭ്യാസജില്ല | – | ആലപ്പുഴ ജില്ല. |
| വിദ്യാഭ്യാസ ഉപജില്ല | – | അമ്പലപ്പുഴ |
| റവന്യൂ ജില്ല | – | ആലപ്പുഴ. |
| ബി.ആർ.സി | – | അമ്പലപ്പുഴ. |
| സി.ആർ.സി | – | മംഗലം. |
| ഗ്രാമപഞ്ചായത്ത് | – | ആറാട്ടുപുഴ. |
| ജില്ലാപഞ്ചായത്ത് | – | ആലപ്പുഴ |
| ബോക്ക്പഞ്ചായത്ത് | – | മുതുകുളം. |
| നിയമസഭാ മണ്ഡലം | – | ഹരിപ്പാട്. |
| ലോക്സഭാ മണ്ഡലം | – | ആലപ്പുഴ. |
| താലുക്ക് | – | കാർത്തികപ്പള്ളി. |
| വില്ലേജ് | – | ആറാട്ടുപുഴ. |
| ഇ.മെയിൽ | – | skdupschool@gmail.com |

# ആമുഖം

1960 ൽ ആരംഭിച്ച സ്കൂൾ ആണ് തറയിൽകടവ് എസ്. കെ. ഡി. യു. പി. സ്കൂൾ നടത്തിപ്പിൽ ആദ്യകാല ങ്ങളിൽ നിരവധി പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട് .ത്യാഗ സന്നദ്ധരായ അധ്യാപ കരുടെയും നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും പ്രവർത്ത ന കൂട്ടായ്മയാണ് സ്കൂളിനെ ഇന്നത്തെ നിലയിൽ എത്തിച്ചത്. പ്രദേ ശത്തെ അരയ സമുദായ അംഗങ്ങളുടെ അധീന തയിലുള്ള ശ്രീ കുറിയപ്പശ്ശേരിൽ ദേവസ്വം ലീഗിന്റെ ഭരണ സമിതിയാണ് സ്കൂ ളിന്റെ മാനേജ്മെന്റ്. ഭരണസമിതി പ്രസിഡന്റാണ് മാനേജർ . പുതി യ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മെച്ചപ്പെട്ട നിലവാരം പുലർത്തു ന്ന ഒരു സ്കൂളാണിത് .

2. ലക്ഷ്യങ്ങൾ...

1. മതനിരപേക്ഷ ജനാധിപത്യ **മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്** ഗ്രാമീണ അന്തരീക്ഷത്തിൽ **തികച്ചും** സൗജന്യമായ വിദ്യാഭ്യാസം **എല്ലാ** ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

**2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ഭൗതിക സൗകര്യങ്ങൾ** വർദ്ധിപ്പിക്കുക.

3. ലഭ്യമാകുന്ന **എല്ലാ സാങ്കേതിക വിദ്യകളും** പ്രയോജനപ്പെടുത്തി **പഠന നിലവാരം** മെച്ചപ്പെടുത്തുക.

**4. 5-ാം ക്ലാസ്സ് മുതൽ 7-ാം വരെ ഒരോ ക്ലാസ്സ് അടിസ്ഥാനത്തിലും**

വിഷയാടിസ്ഥാനത്തി**ലും** പാഠ്യപദ്ധതിക്ക് **അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി** നടപ്പക്കാനുതകുന്ന പ്രവർത്തന **കലണ്ടറും** രൂപപ്പെടുത്തൽ.

5. അദ്ധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുതിന് **ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ** പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

**6. സമഗ്ര** ഗുണമേന്മാ **വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും** ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തലും **നടപ്പാക്കലും.**

## 3. വിദ്യാലയത്തിന്റെ ചരിത്രം.

പ്രകൃത്യാ സമ്പന്നമായ ഭൂപ്രദേശമായ ആറാട്ടുപുഴ പഞ്ചായത്തിൽ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കായംകുളം കായലും അതിരായുള്ള തറയിൽക്കടവ് എന്ന ഗ്രാമത്തിലാണ് എസ്സ്.കെ.ഡി.യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്.1960 ലാണ് ഈ സ്കൂൾ ആരംഭിച്ചത്.പതിറ്റാണ്ടുകളായി ഒരു ദേശത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന ഈ സ്കൂൾ ഒട്ടനവധി പ്രമുഖരുടെ പ്രൈമറി വിദ്യാഭ്യാസത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സ്കൂളിൽ ഒന്നാമത് പ്രവേശനം നേടിയവരായ ഗവൺമെന്റ് എഞ്ചിനിയറായിരുന്ന ശ്രീ.എം.കെ.കൃഷ്ണകുമാർ സാർ, മുൻ ജില്ലാ ജഡ്ജിയും, മനുഷ്യാവകാശ കമ്മീഷനംഗവുമായിരുന്ന ശ്രീ. ആർ.നടരാജൻ സാർ, മുൻ ജില്ലാ പി.എസ്.സി. ഓഫീസറായ ശ്രീ.കെ.അനിൽകുമാർ സാർ എന്നിവർ അവരിൽ ചിലർ മാത്രം.

മൽസ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും സാധാരണ കൂലിപ്പണിക്കാരും മാത്രമായിരുന്ന ഒരിടം ഇന്ന് സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരുടെ ഒരു കേന്ദ്രമാക്കി മാറ്റിയെടുക്കുവാൻ ഈ സ്കൂൾ വഹിച്ച പങ്ക് സ്മരണിയമാണ്.നിലവിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. അടുത്തകാലത്തായി നടന്ന സ്മൃതിസംഗമം (പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി കൂട്ടായ്മ) സ്കൂളിന്റെ പുരോഗതിക്കാവശ്യമായ ഇടപെടലുകൾ നടത്തുന്നു.

അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ ഇപ്പോൾ സ്കൂൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാനുള്ള അവധി ദിനങ്ങളിൽ നടത്തുന്ന നിറവ്, ഉച്ചസമയങ്ങളിൽ നടത്തുന്ന പത്ര വായന, പുസ്തക വായന.

പഴയകാല പ്രതാപത്തോടെ തല ഉയർത്തി നിൽക്കുന്ന ശ്രീ കുറിയപ്പശ്ശേരിൽ ക്ഷേത്രമുറ്റത്തുള്ള സ്കൂൾ നാടിന്റെ അഭിമാനസ്തംഭം തന്നെയാണ്.

4. വിദ്യാലയം മികവിന്റെ കേന്ദ്രം. – കാഴ്ചപ്പാട്.

1. പാഠ്യ – പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങഴളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

3. പാർശ്വവൽക്കരിപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5. ഈ ഭൂമി നാളെയ്ക്കും,എന്നേക്കും എന്ന സങ്കൽപ്പത്തോടെ,
നമ്മെ പരിപാലിക്കുന്ന പ്രകൃതിയെന്ന അത്ഭുതത്തെ കിട്ടുന്നതിലിരട്ടി സ്നേഹം നൽകി പരിപാലിക്കേണ്ട ചുമതലയുള്ളവരാണ് നമ്മൾ എന്ന ബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## 5. പദ്ധതിരൂപികരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ സ്കൂൾ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം – അക്കാദമികം – സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറക്കൽ.

3. രുപരേഖ SRG, PTA, MPTA, രാഷ്ടീയ സംഘടന പ്രതിനിധികൾ,ജനപ്രതിനിധികൾ,പൂർവവിദ്യാർത്ഥികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ധേശങ്ങൾ കൂട്ടിചേർക്കൽ.

5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡികൃത പദ്ധതിരേഖ തയ്യാറാക്കൽ

# 6. നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം. –നേട്ടങ്ങൾ..

ഒഫീസ് റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ ലാബ്,ആറ് ക്ലാസ്സ് മുറികൾ എന്നിവയടങ്ങുന്നതാണ് സ്കൂൾ കെട്ടിടം.എല്ലാ മുറികളും വൈദ്യുതികരിച്ചതും,ഫാൻ, ലൈറ്റ് എന്നിവയുള്ളതുമാണ്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ശൗചായങ്ങളുണ്ട്. പൂർവ്വഅദ്ധ്യാപക വിദ്യാർത്ഥികളുടെ സഹായത്തോടെ അസംബ്ലിഹാളും പണികഴിപ്പിച്ചു. എല്ലാ ക്ലാസ്സിലും ക്ലാസ്സ് റൂം ലൈബ്രറിയുണ്ട്.

ഭൗതികം. പരിമിതികൾ..

ലാബ്,ലൈബ്രറി എന്നിവക്ക് മതിയായ കെട്ടിടങ്ങളില്ല. ചുറ്റുമതിലില്ല.ആകർഷകമായ വിധത്തിൽ പൂന്തോട്ടം,ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. കളിസ്ഥലം ശരിയായ രീതിയിൽ പുനർ നിർമ്മിക്കേണ്ടതാണ്. ക്ലാസ്സ് മുറികൾക്ക് ഇടഭിത്തി നിർമ്മിക്കേണ്ടതുണ്ട്.

അക്കാദമികം..–നേട്ടങ്ങൾ.–

മൽസരപ്പരീക്ഷകളിൽ സ്കൂളിലെ കുട്ടികൾ മികവുപുലർത്തുന്നുണ്ട്.കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തിപരിചയമേളയിൽ സബ്ജില്ലാ തലത്തിലും ,ജില്ലാതലത്തിലും സ്കൂളിലെ കുട്ടികളായിരുന്നു ഒവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത്.രണ്ടു വർഷങ്ങളിൽ സംസ്ഥാനതല പ്രവൃത്തി പരിചയമേളയിലും സ്കൂളിൽ നിന്നുള്ള കുട്ടികൾ

പങ്കെടുക്കുകയും...

**അക്കാദമികം –പരിമിതികൾ**

**വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.** ലാബോറട്ടറികൾ **ആധുനിക വൽക്കരിക്കണം.**

I.T ഇനിയുംപഠനം **കാര്യക്ഷമമാക്കണം.എല്ലാ** കുട്ടികൾക്കും **ഇംഗ്ലിഷും, ഹിന്ദിയും എഴുതാനും,**വായിക്കാനും, **സംസാരിക്കാനുമുള്ള ശേഷി** വികസിപ്പിക്കേണ്ടതുണ്ട്. **എല്ലാ** കുട്ടികൾക്കും **ഗണിതത്തിന്റെ** അടിസ്ഥാനശേഷികൾ വികസിപ്പിക്കേണ്ടതുണ്ട്

## 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. ഭാഷാ ശേഷി വികസനം | 1. ചുറ്റുമതിൽ | 1. പി. ടി. എ ശക്തിപ്പെടുത്തൽ |
| 2. ഗണിതശേഷി വികസനം | 2. കളിസ്ഥലം | 2. ക്ലാസ്സ് പി. ടി . എ, എം. പി. ടി ശക്തിപ്പെടുത്തൽ |
| 3. ഇംഗ്ലീഷ് പഠന പരിപോഷണം | 3. ക്ലാസ്സ് മുറികൾ | 3. വിദ്യാലയ വികസന സമിതി |
| 4. ശാസ്ത്രപോഷണ പരിപാടി | 4. ഓഫീസ് മുറി | 4. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| 5. വായനാ പരിപോഷണം | 5. സ്റ്റാഫ് മുറി | 5. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘനകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവാധ്യാപകർ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| 6. ലൈബ്രറി ശാക്തികരണം | 6. കമ്പ്യൂട്ടർ റൂം | 6. വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| 7. സാഹിത്യ പോഷണപരിപാടി | 7. ലൈബ്രറി | 7. കോർണർ പി. ടി. എ |
| 8. പഠന യാത്രകൾ | 8. അടുക്കള | 8. ഭവന സന്ദർശനം |
| 9. ഐ. റ്റി പരിശിലനം | 9. അസംബ്ലി ഹാൾ | 9. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |
| 10. ക്ലാസ്സ് പി. ടി. എ. ശാക്തികരണം | 10. കുടിവെള്ള വിതരണം | |
| 11. പ്രവൃത്തി പരിചയ പഠനം | 11. മാലിന്യസംസ്ക്കരണം | |
| 12. രചനാ ശില്പശാല | 12. ലാബോറട്ടറി | |
| 13. ഒറിഗാമി ശില്പശാല | 13. ചിത്രരചന | |
| 14. ഗണിത ലാബ് | 14. എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| 15. ഭാഷാ ലാബ് | | |
| 16. ദിനാചരണങ്ങലൾ | | |
| 17. സെമിനാറുകൾ | | |
| 18. കായിക പഠനം | | |
| 19. ഗവേഷണപ്രവർത്തനങ്ങൾ | | |
| 20. ഗണിതോത്സവം | | |
| 21. പഠനോത്സവം | | |

# യു പി മലയാളം

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|
| ഭാഷാപരമായ പ്രവർത്തനങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ എഴുത്തിലുംവായനയിലും പിന്നിൽ നിൽക്കുന്ന കുട്ടികളെ തിരിച്ചറിയുന്നതിനു മുൻകൂട്ടി തയാറാക്കിയ ടൂൾ അടിസ്ഥാനത്തിൽ പ്രീ ടെസ്റ്റ് അക്ഷരങ്ങൾ --- വാക്കുകൾ വാക്യങ്ങൾ ക്രമീകരിക്കൽ | ജൂൺ | 5,6,7 | ഭാഷയുടെ അടിസ്ഥാന ശേഷി വികാസം എല്ലാ കുട്ടികളിലും എത്തുക . |
| വായന പ്രവർത്തനങ്ങൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽവായന വാരാചരണം ,വായന കാർഡ് നിർമ്മാണം | ജൂൺ ,ജൂലൈ | 5,6,7 | |
| വാർത്ത വായന പത്രം ,മാസികകൾ എന്നിവ വായിച്ചു പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന | എല്ലാ ദിവസവും | 5,6,7 | അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക |
| അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ആസ്പദമാക്കി ക്വിസ് മത്സരം | പ്രതി മാസം | 5,6,7 | |

| | | | |
|---|---|---|---|
| *ശാസ്ത്രീകരണ പ്രവർത്തനങ്ങൾ* പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ സ്കിറ്റുകൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അഅവതരിപ്പിക്കൽ വിദഗ്ധരായ കർഷകരെ പങ്കെടുപ്പിച്ചു ശിൽപ്പ ശാലകൾ നടത്തുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | 5,6,7 | കുട്ടികളിലെ കലാവാസന പരിപോഷിപ്പിക്കാൻ |
| *രചന പ്രവർത്തനങ്ങൾ* സ്കൂളിലെ മുഴുവൻ പഠിതാക്കളുടെയും സർഗാത്മ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയാറാക്കുന്നു. | വർഷാവസാനം | 5,6,7 | സർഗ്ഗ ശേഷി വളർത്തൽ |

# UP ENGLISH ACADEMIC MASTER PLAN

| NO | ACTIVITIES | TIME | CLASS | AIM |
|---|---|---|---|---|
| 1 | Follow me if you can provides training to fellow instruction given in English. | JUNE, JULY | 4,5,6 | Provides an opportunity to practice English properly and speak Fluently. |
| 2 | Greeting and making conversation/Art Gallery [Related to lesson]. | JULY | 5,6,7 | Enable to write short massage and express their ideas. |
| 3 | Poster Making. | Important Days to Celebrate | 5,6,7 | Learners will able to write slogans |
| 4 | Breaking News: Listening to English News | August | 5,6,7 | Provide an opportunity to practice English properly. |
| 5 | Reading card provide, an opportunity to read. | Sept, Oct | 5,6,7 | Practicing imagined reading. |
| 6 | Reader of the month honoured with opportunity to read English Newspaper. | Monthly | 5,6,7 | Provides an opportunity to practice English properly. |
| 7 | Cinema and documentary Related to Lesson. | November | 5,6,7 | To develop an listening vocabulary and know about classic Filims. |
| 8 | Public speaking, Different speaking experience is given Audio-Video Facility. | December | 5,6,7 | Enable to develop listening capacity. |

| | | | | |
|---|---|---|---|---|
| 9 | English Fest<br>Recitation<br>Speech<br>Skit<br>Role Play | January | 5,6,7 | Booster Confidence in the English Language. |
| 10 | Preparing class Magazines and Mini dictionaries with children's art work. | February<br>March | 5,6,7 | Enables leaners to write English without mistakes |

# മേഖല: യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. 5,6,7 ക്ലാസ്സുകളിൽ ഹിന്ദി അക്ഷരബോധം ഉറപ്പാക്കുക : അഞ്ചാം തരം മുതൽ ആരംഭിക്കുന്ന ഹിന്ദി ഭാഷ ഇഷ്ടപെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരമുണ്ടാക്കുക. | പുതിയ പദങ്ങൾ, കവിതകൾ തുടങ്ങിയവ പരിചയപ്പെടുത്തി അതിൽ ഉപയോഗിച്ചിരിക്കുന്ന അക്ഷരങ്ങളെ മനസ്സിലാക്കി കൊടുക്കുന്നു. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സി.ഡി.യിൽ അക്ഷരങ്ങളെ കാണിക്കൽ തുടങ്ങിയവ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകൻ |
| 2. ഹിന്ദി വായന : തെറ്റുകൂടാതെ ഹിന്ദി വാക്കുകൾ, പാഠഭാഗങ്ങൾ തുടങ്ങിയവ വായിക്കുവാനുള്ള അവസരം നൽകുക. | പുസ്തകങ്ങൾ നിരന്തരം വായിച്ചുകേൾപ്പിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു. ചിത്രകഥകൾ, സി.ഡി. തുടങ്ങിയവയുടെ സഹായത്താൽ വായന കേൾക്കാനുള്ള അവസരം നൽകുക, തുടങ്ങിയവ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകൻ |
| 3. ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. നിത്യജീവിതത്തിൽ സംസാരിക്കുന്നതിന് ആവശ്യം വരുന്ന ഹിന്ദിഭാഷാ പദങ്ങളെ പരിചയപ്പെടുത്തുന്നു. | ഹിന്ദിഭാഷ തന്നെ കഴിവതും ക്ലാസ്സ് മുറികളിൽ ഉപയോഗി ക്കാൻ ശ്രമിക്കുന്നു. കുട്ടികളുടെ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കുക, മറുപടി ഹിന്ദിയിൽ പറയാൻ പ്രേരിപ്പിക്കുക. ഹിന്ദി ഭാഷ മാതൃഭാഷയായ വരെ ക്ലാസ്സ് മുറികളിൽ പരിചയ പ്പെടുത്താൻ ശ്രമിക്കുന്നു. ഡിഫൻസ് സർവ്വീസിൽ ജോലിചെയ്യുവരെ കുട്ടിളുമായി ആശയവിനിമയം നടത്താൻ അവസരം നൽകുന്നു. വിവിധ വായന പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകൻ |

## യു പി സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് |
| --- | --- | --- | --- |
| യു പി തലത്തിൽ എല്ലാകുട്ടി കൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷാജ്ഞാനം *അക്ഷരം അഴുതു എഴുത്ത് *അക്ഷര കാർഡ് *വാക്കുകൾ എഴുതിയ കാർഡ് *അക്ഷര മരം നിർമിക്കാൻ *അക്ഷരമാലകൾ പാട്ടും കഥകളും കേൾക്കൽ | ജൂൺ, ജൂലൈ ,ആഗസ്റ്റ് | 5,6,7 |
| വായനാലോകം (കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക ) | തിരഞ്ഞെടുത്തല ളിതമായപുസ്തക ശേഖരണത്തിലൂ ടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക . ഓരോ സംസ്കൃത പീരീഡിലും ആദ്യത്തെ അഞ്ചു മിനിട്ടു ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക വായിച്ചാ പുസ്തകങ്ങൾ രേഖപ്പെടുത്തുക | സെപ്തംബർ ഒക്ടോബർ | 5,6,7 |
| കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന സംസ്കൃത ഭാഷ | ക്ലബ് രൂപീകരണം പഠനോപകരണ നിർമ്മാണം ,കല | നവംബർ ,ഡിസംബർ | 5,6,7 |

| | | | |
|---|---|---|---|
| പഠന നേട്ടങ്ങൾ | ണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം | | |
| മത്സര പരീക്ഷയ്ക്ക് തയാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br><br>എല്ലാ മാസവും ക്വിസ് നടത്തുന്നു<br><br>മാതൃക ചോദ്യ പേപ്പർ തയാറാക്കുന്നു | ഡിസംബർ,ജനുവരി | 5,6,7 |
| ആസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യുന്നതിനും | നാടകം കൂത്ത് തുടങ്ങിയവ യുടെ വീഡിയോ കാണുന്നതിന് അവസരം ഒരുക്കുന്നു<br><br>പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവസരങ്ങൾ നൽകുന്നു മാസത്തിൽ ഒരു തവണ | ജനുവരി,ഫെബ്രുവര ി | 5,6,7 |

# യു പി സയൻസ്

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| ഔഷധത്തോട്ട നിർമ്മാണം , പച്ചക്കറിത്തോട്ട നിർമ്മാണം ശലഭോദ്യാന നിർമ്മാണം | ജൂൺ മുതൽ | 5,6,7 | 5,6,7 ജീവിത സാഹചര്യങ്ങളിൽ നിന്നുംശാസ്ത്രത്തെ തിരിച്ചറിയൽ |
| നിത്യജീവിതത്തിൽപരിചിതമായ വസ്തുക്കൾ പ്രയോജനപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശേഖരണ പുസ്തകം തയ്യാറാക്കുന്നു | ജൂൺ മുതൽ | 5,6,7 | ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുന്ന വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ തയാറാക്കി റിപ്പോർട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | രണ്ടു മാസംകൂടുന്നു | 5,6,7 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുന്നു |
| ശാസ്ത്ര വിസ്മയച്ചുവർനിർമ്മിക്കുന്നു | അക്കാദമിക വർഷം | 5,6,7 | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക |

| | | | |
|---|---|---|---|
| സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | 5,6,7 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക |
| ശാസ്ത്ര മാസികകൾ ശാസ്ത്ര മാഗസിൻ എന്നിവ നിർമ്മിക്കുക | അക്കാദമിക വര്ഷം | 5,6,7 | കുട്ടികളിൽ ശാസ്ത്രബോധം വർധിപ്പിക്കുക |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണനിർമാണം | അക്കാദമിക വര്ഷം | 5,6,7 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷാനോത്സുകത വർധിപ്പിക്കൽ |

# യു പി സോഷ്യൽ സയൻസ്

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| <u>*സോഷ്യൽസയൻസ് മേള 5,6,7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ടു ക്ലാസ്സിൽ നടക്കുന്ന പ്രവർത്തനങ്ങൾ*</u><br>*ക്വിസ്സ്<br>*ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>*പ്രസംഗം<br>*മോഡൽസ്<br>*ശേഖരണം<br>*ഡിബൈറ്റു | ജൂൺ | 5,6,7 | സഹകരണമനോഭാവം<br>സംഘബോധം |
| <u>*പ്രാദേശിക ഭൂപട നിർമ്മാണം*</u><br>*പഠനപരിപോഷണത്തിന്നു അനുയോജ്യമായ:- മരങ്ങൾ ,സ്ഥാപനങ്ങൾ ,സ്ഥലങ്ങൾ | ഓഗസ്റ്റ് ,സെപ്തംബർ | 5,6,7 | ദേശീയ ബോധം<br>സഹകരണ മനോഭാവം<br>സംഘബോധം<br>വിശകലനം<br>നേരറിവ് |
| <u>*ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ*</u><br>*ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്<br>*പോക്സോ ആക്ട് ക്ലാസ്<br>*പോക്സോ ആക്ട്നെ കുറിച്ച് ക്ലാസ് സംഘടിപ്പിക്കൽ | ഒക്ടോബർ ,നവംബർ | 5,6,7 | *പരിസരബന്ധിതം<br>* പ്രതികരണ ശേഷി<br>*നേരറിവ്<br>*അനുഭവം പങ്കിടൽ |
| <u>*സെമിനാർ*</u><br>*സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം | ഡിസംബർ | 5,6,7 | *സഹകരണ മനോഭാവം<br>*സംഘബോട്ടം<br>*പ്രതീകരണശേഷി |

| | | | |
|---|---|---|---|
| *5,6,7 ക്ലാസ്സുകളിലെ സാമൂഹികശാസ്ത്ര പ്രസക്തിയുള്ള വിഷയങ്ങൾ<br>* വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>*വിവരങ്ങൾ ശേഖരിക്കുന്നു<br>*വക്തിഗത അവതരണം | | | *താരതമ്യം<br>*വിശകലനം<br>*വിമർശനചിന്ത<br>*നേരറിവ് |
| <u>*പ്രോജക്ട്*</u><br>*പ്രശനം തിരഞ്ഞെടുക്കൽ<br>*വിവര ശേഖരണം<br>*വിവരങ്ങൾ ക്രോഡീകരികൾ<br>*ക്രോഡീകരിച്ച വിവരങ്ങൾ അപഗ്രഹികൾ<br>*നിയമങ്ങൾ രൂപീകരിക്കൽ<br>*അവതരിപ്പിക്കൽ സെമിനാർ പ്രൊജക്റ്റ്<br>5,6,7, ക്ലാസ്സുകളിലെപാഠഭാഗവുമായി ബന്ധപ്പെട്ടൽ<br>*പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കൽ | ജനുവരി | 5,6,7 | *സഹകരണ മനോഭാവം<br>*സംഘബോട്ടം<br>*പ്രതീകരണശേഷി<br>*താരതമ്യം<br>*വിശകലനം<br>*വിമർശനചിന്ത<br>*നേരറിവ് |
| <u>*ഫീൽഡ് ട്രിപ്പ്*</u><br>*ആസൂത്രണം<br>*നിർവഹണം<br>*റിപ്പോർട്ട് തയാറാക്കൽ | ഫെബ്രുവരി | 5,6,7 | *പരിസരബന്ധിതം<br>*മൂല്യങ്ങൾ വളർത്തൽ<br>*നേരറിവ്<br>*അനുഭവം പങ്കിടാൻ |

| | | | |
|---|---|---|---|
| *വ്യവസായ ശാല സന്ദർശിക്കൽ | | | അവസരം |
| | പ്രവർത്തനം<br>കാലദൈർഘ്യം<br>ക്ലാസ്<br>ലക്ഷ്യം | | |

# യു പി ഗണിതം

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| സംഖ്യകൽൻ പരിചയപ്പെടൽ *വ്യക്തിഗത അവതരണം *ഗണിത കേളികൾ | ജൂൺ | 5,6,7 | *സംഖ്യാബോധം *ബന്ധങ്ങൾ മനസിലാക്കുന്നു |
| ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം *സ്കെയിൽ സെസ് സ്ക്വർ ,ചതുരം , ത്രികോണം , സമചതുരം പഞ്ചഭുജം,ഷഡ് ഭുജം സമാന്തരികം വൃത്തം | ജൂൺ ജൂലൈ | 5,6,7 | കൃത്യതയോടും സൂഷ്മതയോടും നിർമ്മാണ പ്രവർത്തങ്ങളിൽ ഏർപ്പെടാം |
| *ഗണിതശാസ്ത്രജ്ഞരെ പരിചയപെടൽ *ഗണിതതലാബ് നവീകരണം | ആഗസ്റ്റ് | 5,6,7 | യുക്തിചിന്താവികാസം |
| പഠനോപകരണ നിർമാണം 5,6,7 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ടവ | സെപ്തംബർ | 5,6,7 | കൃത്യതയോടും സൂഷ്മതയോടും കൂടി പഠനോപകരണങ്ങൾ നിർമിക്കുന്നു |
| ഫീൽഡ് ട്രിപ്പ് *പ്രകൃതിയിലെ ഗണിതം *തൊഴിലിടങ്ങളിലെ ഗണിതം | നവംബർ | 5,6,7 | *ജാമിതീയ രൂപങ്ങളെ കുറിച്ചുള്ള ധാരണ * ഗണിതശാലയുടെ ഉപയോഗം *കൃത്യത ,സൂഷ്മത |

| | | | |
|---|---|---|---|
| | | [illegible] | |
| ജാമിതീയ പാറ്റേർണികൾ വരക്കൽ<br><br>ടംഗ്രാം | ഡിസംബർ | 5,6,7 | *ജാമിതീയ പാറ്റേർന്നുകൾ വരക്കുന്ന സൂഷ്മത തിലെ കൃത്യത<br>* |
| സെമിനാർ പ്രൊജക്റ്റ്<br>5,6,7,<br>ക്ലാസ്സുകളിലെപാഠഭാഗവുമായി ബന്ധപ്പെട്ട | ജനുവരി | 5,6,7 | ആവശ്യമായ വിവരങ്ങൾ ശേഖരിക്കൽ പട്ടികപ്പെടുത്തൽ നിഗമനം രൂപീകരിക്കൽ യുക്തിസഹിതം സമർഥിക്കാനുള്ള കഴിവ് ,ആശയവിനിമയശേഷി |
| ഗണിതോത്സവം<br>*ഗണിതകോണികൾ<br>*നിർമാണ പ്രവർത്തനങ്ങൾ<br>*ഒറിഗാമി<br>*ഗണിതിയേറ്റർ<br>*ഉത്പന്നങ്ങളുടെ പ്രാതർശനം | ഫെബ്രുവരി | 5,6,7 | *ഗണിതോത്സവം<br>*ഗണിതത്തോട് താല്പര്യം വളർത്തുക<br>*സ്വർഗ്ഗാത്മകചിന്തകൾ വളർത്തുക |

## 9. പ്രതീക്ഷിത നേട്ടങ്ങൾ.

1. ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
2. സ്ക്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
3. വിദ്യാലയ പ്രവേശന തിരക്ക് വർദ്ധിക്കുന്നു.
4. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
5. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## 10. മോണിട്ടറിംഗ് രീതി.

1. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കണം.
2. സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എസ്.ആർ.ജി, ഒ.[redacted].എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
3. ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## 11. ഉപസംഹാരം

*വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ച്കൊണ്ടിരിക്കുകയാണ്. എന്നാൽ 5, 6, 7 ക്ലാസ്സുകളിലായി 150 ൽ അധികം കുട്ടികൾ ഇപ്പോഴുമുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വരും വർഷങ്ങളിൽ ഈ വിദ്യാലയത്തിന് ഒത്തിരി നേട്ടങ്ങൾ കൈവരിക്കാനാവും. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.